## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

ഉത്തരവ് നം. ഇ11 - 38364/12 | തിരുവനന്തപുരം
തീയതി: 22.02.2013.

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - വൃദ്ധ സദനം, ആറാട്ടുപുഴ - സൂപ്രണ്ടിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) സ.ഉ(എം.എസ്) നം. 48/2009/സാ.നീ.വ തീയതി 02.11.2009.
2) സ.ഉ(സാധാ) നം. 02/2012/സാ.നീ.വ തീയതി 02.01.2012.

സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി എം.പി മാരുടെ പ്രാദേശിക ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ ആറാട്ടുപുഴയിൽ നിർമ്മിച്ചിട്ടുള്ള വൃദ്ധ സദനം സാമൂഹ്യ നീതി വകുപ്പ് സൂചന (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്തിട്ടുള്ളതും, ടി സ്ഥാപനം ആരംഭിക്കുന്നതിന് സൂചന രണ്ട് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. എന്നാൽ സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ മന്ദഗതിയിലാണ് നീങ്ങുന്നത്. ആയത് ത്വരിതപ്പെടുത്തുന്നതിന് പൂർണ്ണ ചുമതലയുള്ള ഒരു സൂപ്രണ്ടിന്റെ സേവനം അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ആലപ്പുഴ പ്രോഗ്രാം ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ.കെ.ജി. ചാറ്റർജിയെ ആറാട്ടുപുഴ വൃദ്ധ സദനം സൂപ്രണ്ടായി മാറ്റി നിയമിച്ചുകൊണ്ട് ഉടൻ ഉത്തരവാകുന്നു.

ശ്രീ.കെ.ജി. ചാറ്റർജി ആറാട്ടുപുഴ വൃദ്ധ സദനം സൂപ്രണ്ടിന്റെ ചുമതല ഏറ്റെടുക്കേണ്ടതും, സ്ഥാപനം ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ശ്രീ.കെ. ജി. ചാറ്റർജി ചുമതല വഹിച്ചിരുന്ന ആലപ്പുഴ പ്രോഗ്രാം ഓഫീസിലെ സീനിയർ സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല ആലപ്പുഴ ജില്ലാ സാമൂഹ്യ നീതി ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. വി.എൻ. സുരേഷ് കുമാർ വഹിക്കേണ്ടതാണ്. ശ്രീ. വി.എൻ. സുരേഷ് കുമാർ ഉടൻ പ്രാബല്യത്തിൽ ശ്രീ.കെ.ജി. ചാറ്റർജിയെ വിടുതൽ ചെയ്യേണ്ടതാണ്.

ശ്രീ.കെ.ജി. ചാറ്റർജിയുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 2235-02-106-94 ( നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഒപ്പ്
സാമൂഹ്യ നീതി ഡയറക്ടർ

1) ശ്രീ. കെ.ജി. ചാറ്റർജി,
സീനിയർ സൂപ്രണ്ട്,
പ്രോഗ്രാം ഓഫീസ്, ആലപ്പുഴ.
2) ശ്രീ. വി.എൻ. സുരേഷ് കുമാർ,
ജൂനിയർ സൂപ്രണ്ട്,
ജില്ലാ സാമൂഹ്യ നീതി ഓഫീസ്, ആലപ്പുഴ.

പകർപ്പ്:
1) ജില്ലാ സാമൂഹ്യ നീതി ഓഫീസ്, ആലപ്പുഴ.
(സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങളുടെ പ്രതിവാര റിപ്പോർട്ട് എല്ലാ തിങ്കളാഴ്ചയും സാമൂഹ്യ നീതി ഡയറക്ടർക്ക് നൽകേണ്ടതാണ്)
2) പ്രോഗ്രാം ഓഫീസർ, ആലപ്പുഴ.
3) ശിശു വികസന പദ്ധതി ഓഫീസർ, തൈക്കാട്ടുശ്ശേരി.
4) സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

PS/